I. ഇ.ബി. XV-കേരള നിയമസഭ/XIII-2

# പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2025 ജനുവരി 20, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണം

മി. സ്പീക്കർ: ലോകത്തിന് ഇന്ത്യ സംഭാവന ചെയ്ത മികച്ച സാമ്പത്തിക ശാസ്ത്രജ്ഞനും രാജ്യത്തിന്റെ പതിനാലാമത് പ്രധാനമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന ഡോ. മൻമോഹൻ സിംഗ് 2024 ഡിസംബർ 26-ന് അന്തരിച്ചു. 1936 സെപ്റ്റംബർ 26-ന് അവിഭക്ത ഇന്ത്യയിലെ പഞ്ചാബ് പ്രവിശ്യയിൽ ഗുർമുഖ് സിംഗിന്റെയും അമൃത് കൗറിന്റെയും മകനായി ജനിച്ച അദ്ദേഹം പഞ്ചാബ് സർവകലാശാലയിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും കേംബ്രിഡ്ജ് സർവകലാശാലയിൽനിന്ന്

സാമ്പത്തിക ശാസ്ത്രത്തിൽ ഓണേഴ്സ് ബിരുദവും ഓക്സ്ഫോഡ് സർവകലാശാലയിൽ നിന്ന് ഡോക്ടറേറ്റും നേടി. സാമ്പത്തിക വിദഗ്ധൻ, അക്കാദമിക് പണ്ഡിതൻ, ഉന്നത ഉദ്യോഗസ്ഥൻ, രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം റിസർവ് ബാങ്ക് ഗവർണർ, പ്ലാനിംഗ് കമ്മീഷൻ ഡെപ്യൂട്ടി ചെയർമാൻ, ജനീവയിലെ സൗത്ത് കമ്മീഷൻ സെക്രട്ടറി ജനറൽ, പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്, യു.ജി.സി. ചെയർമാൻ എന്നീ പദവികളിൽ പ്രശംസ പിടിച്ചുപറ്റുകയും നിരവധി അന്താരാഷ്ട്ര കോൺഫറൻസുകളിലും സംഘടനകളിലും ഇന്ത്യയെ പ്രതിനിധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒട്ടേറെ അവാർഡുകളും അംഗീകാരങ്ങളും നേടിയ മൻമോഹൻ സിംഗിന് 1987-ൽ രാജ്യം പത്മവിഭൂഷൺ നൽകിയും കേംബ്രിഡ്ജ്, ഓക്സ്ഫോഡ് സർവകലാശാലകൾ ഓണററി ബിരുദങ്ങൾ നൽകിയും ആദരിച്ചു. പ്രഗത്ഭനായ ധനകാര്യ വിദഗ്ധനെയും നിശ്ചയദാർഢ്യമുള്ള രാഷ്ട്രതന്ത്രജ്ഞനെയുമാണ് മൻമോഹൻ സിംഗിന്റെ നിര്യാണത്തിലൂടെ നഷ്ടമായത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ ദേഹവിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. രാജ്യത്തിന്റെ മുൻ പ്രധാനമന്ത്രി എന്നതിനുപുറമെ അന്താരാഷ്ട്ര പ്രശസ്തനായ സാമ്പത്തിക വിദഗ്ധൻ, മാതൃകാ അധ്യാപകൻ, പ്രഗത്ഭനായ ഉദ്യോഗസ്ഥൻ എന്നിങ്ങനെ പല മേഖലകളിലും പ്രശസ്തനായിരുന്നു അദ്ദേഹം. കേന്ദ്ര ധനകാര്യ സെക്രട്ടറി, റിസർവ് ബാങ്ക് ഗവർണർ, ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ, പ്രധാനമന്ത്രിയുടെ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ്, ധനകാര്യ മന്ത്രി എന്നിങ്ങനെ രാജ്യത്തെ സാമ്പത്തിക നയരൂപീകരണത്തിൽ കാതലായ പങ്ക് വഹിക്കുന്ന എല്ലാ സുപ്രധാന ചുമതലകളും അദ്ദേഹം നിർവഹിച്ചു. ഒന്നാം യു.പി.എ. ഗവൺമെന്റിനെ നയിച്ച അദ്ദേഹം ഇടതുപക്ഷം മുന്നോട്ടുവച്ച പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഭക്ഷ്യസുരക്ഷാ പദ്ധതി, വിവരാവകാശ നിയമം, വിദ്യാഭ്യാസ അവകാശ നിയമം തുടങ്ങി ഒട്ടേറെ ക്ഷേമ പരിപാടികൾ നടപ്പാക്കുകയുണ്ടായി. മതനിരപേക്ഷ മൂല്യങ്ങളിൽ അടിയുറച്ച്

വിശ്വസിച്ചിരുന്ന പ്രതിഭാശാലിയായ സാമ്പത്തിക ശാസ്ത്രജ്ഞൻ, സൗമ്യതയും നിശ്ചയദാർഢ്യവുമുണ്ടായിരുന്ന ദേശസ്നേഹി എന്നിങ്ങനെ പൊതുമണ്ഡലത്തിൽ ശോഭിച്ച വ്യക്തിയെയാണ് അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടും അദ്ദേഹത്തെ സ്നേഹിക്കുന്നവരോടുമുള്ള അനുശോചനം അറിയിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): രാജ്യത്ത് നിലനിന്നിരുന്ന സാമ്പത്തിക രീതികൾക്ക് പകരം വിപ്ലവകരമായ സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കിയ വ്യക്തിത്വമാണ് ഡോ. മൻമോഹൻ സിംഗിന്റേത്. ലോക സാമ്പത്തിക ക്രമങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ച് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കാനും അതിലൂടെ രാജ്യത്തെ നികുതി വരുമാനം വർദ്ധിപ്പിക്കാനും അദ്ദേഹത്തിന് സാധിച്ചു. ലഭിച്ച നികുതിയുടെ നീതിപൂർവകമായ പുനർവിതരണം എന്ന തത്വത്തിലൂന്നിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, നാഷണൽ റൂറൽ ഹെൽത്ത് പ്രോഗ്രാം, വിവരാവകാശ നിയമം, വിദ്യാഭ്യാസ അവകാശ നിയമം

എന്നിവ നടപ്പാക്കുകയും 72000 കോടി രൂപയുടെ കാർഷിക കടം എഴുതിത്തള്ളുകയും ചെയ്തത്. 2008-ൽ ലോകം മുഴുവനും ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിലമർന്നപ്പോഴും അതിസമർത്ഥമായി അതിനെ നേരിടാൻ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രാജ്യത്തിന് സാധിച്ചു. രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളുടെ കണ്ണീരൊപ്പാനും ജീവിത നിലവാരമുയർത്താനും അദ്ദേഹം നടത്തിയ ശ്രമങ്ങൾ ചരിത്രത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ വേർപാടിൽ അഗാധ ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: അധ്യാപകൻ, ഗവേഷകൻ, സാമ്പത്തിക ശാസ്ത്രജ്ഞൻ, യു.ജി.സി. ചെയർമാൻ, ധനകാര്യ മന്ത്രി തുടങ്ങി വിവിധ മണ്ഡലങ്ങളിൽ മൻമോഹൻ സിംഗ് തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്വകാര്യ-ആഗോള-ഉദാരവത്കരണ നയങ്ങൾക്കെതിരെ വിമർശനങ്ങൾ നിലനിൽക്കുമ്പോഴും അസാധാരണ വൈദഗ്ധ്യത്തോടെയാണ് അവയെല്ലാം അദ്ദേഹം നടപ്പാക്കിയത്. തന്റെ ഭരണകാലത്ത് നടപ്പാക്കിയ പരിഷ്കാരങ്ങൾ രാജ്യത്തിന്റെ പേരിൽ അറിയപ്പെടണമെന്ന നിലപാടാണ്

അദ്ദേഹം സ്വീകരിച്ചത്. നിശബ്ദമായ പ്രവർത്തനത്തിലൂടെ രാജ്യത്തിന്റെ നേട്ടത്തിനുവേണ്ടി യത്നിച്ച മൻമോഹൻ സിംഗിന്റെ നിര്യാണത്തിലുള്ള കുടുംബത്തിന്റെ വേദനയിൽ പങ്കുചേരുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: എതിർപ്പുകളെ മറികടന്ന് ധനകാര്യ മന്ത്രിയെന്ന നിലയിൽ ഡോ. മൻമോഹൻ സിംഗ് നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങൾ ഇന്ത്യൻ സമ്പദ്ഘടനയിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ചാണ് 2001-ൽ സംസ്ഥാനത്ത് എമർജിംഗ് കേരള നടപ്പാക്കിയത്. സാമ്പത്തിക പരിഷ്കാരങ്ങളിലൂടെ ലഭിച്ച നികുതി വിവിധ പദ്ധതികളിലൂടെ പാവപ്പെട്ടവർക്ക് ലഭ്യമാക്കാൻ അദ്ദേഹം നിരവധി പദ്ധതികൾ ആവിഷ്കരിച്ചു. സാമ്പത്തിക തകർച്ചയിൽനിന്ന് രാജ്യത്തെ കരകയറ്റിയ ധനകാര്യ മന്ത്രിയെന്ന നിലയിൽ അദ്ദേഹം എന്നും സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ വിയോഗത്തിൽ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മാറ്റങ്ങളുടെ നായകൻ, സംശുദ്ധ ജീവിതത്തിന്റെ ആൾരൂപം എന്നീ നിലകളിലും യു.ജി.സി.

അധ്യക്ഷൻ, കേന്ദ്ര ധനകാര്യ മന്ത്രി, പ്രധാനമന്ത്രി എന്നീ പദവികളിലും തിളങ്ങിയ വ്യക്തിയാണ് ഡോ. മൻമോഹൻ സിംഗ്. ഇന്ത്യയെ ലോകനിലവാര സൂചികയിലേയ്ക്ക് ഉയർത്തുകയും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആഗോളതലത്തിലെത്തിക്കുകയും ചെയ്ത പ്രമുഖ സാമ്പത്തിക വിദഗ്ധനും സൗമ്യനുമായ ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ രാജ്യത്ത് ഒട്ടേറെ ക്ഷേമപരിപാടികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: ഇന്ത്യൻ സമ്പദ്ഘടനയ്ക്ക് സുസ്ഥിര വികസന സാഹചര്യം ഉറപ്പുവരുത്തുന്നതിന് നേതൃത്വം നൽകിയ ഭരണാധികാരിയായിരുന്നു ഡോ. മൻമോഹൻ സിംഗ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ സാമ്പത്തിക പരിഷ്കാരങ്ങൾ രാജ്യത്തെ തകർച്ചയിൽ നിന്നും തിരിച്ചുകൊണ്ടുവരാൻ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പദ്ധതി, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വിവരാവകാശ നിയമം, കുഞ്ഞുങ്ങൾക്കുള്ള പോഷകാഹാര പദ്ധതി,

ആദിവാസി വനാവകാശ നിയമം അടക്കം നിരവധി പുതിയ കർമ്മ പരിപാടികൾ നടപ്പാക്കാൻ അദ്ദേഹത്തിന് സാധിച്ചു. രാജ്യത്തെ വളർച്ചയിലേയ്ക്ക് നയിക്കുന്നതിനും പ്രതിസന്ധികളിൽ നിന്നും കരകയറ്റുവാനും ധീരമായ നേതൃത്വം നൽകിയ ഡോ. മൻമോഹൻ സിംഗിന്റെ വിയോഗത്തിൽ ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: തന്റെ ബോധ്യത്തോട് നൂറുശതമാനം നീതി പുലർത്താനും തീരുമാനങ്ങൾ നിർഭയമായി നടപ്പാക്കാനുമുള്ള ആർജ്ജവവും നിശ്ചയദാർഢ്യവും പ്രകടിപ്പിച്ച വ്യക്തിയാണ് ഡോ. മൻമോഹൻ സിംഗ്. ഉന്നത സ്ഥാനങ്ങൾ വഹിക്കുമ്പോഴും തികഞ്ഞ വിനയവും കുലീനമായ പെരുമാറ്റവും അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. പ്രധാനമന്ത്രി, ധനകാര്യ മന്ത്രി തുടങ്ങിയ പദവികളിലിരുന്നുകൊണ്ട് വ്യത്യസ്തമായ നിലപാടുകളെടുത്ത് രാജ്യത്തെ നയിച്ച ഡോ. മൻമോഹൻ സിംഗ് എന്നും സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ ദീപ്ത സ്മരണയ്ക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ജനാധിപത്യം നൽകിയ ഉന്നത പദവികളിൽ പുലർത്തേണ്ട രാഷ്ട്രീയ പക്വതയും ദീർഘവീക്ഷണവും കാഴ്ചവച്ച

വ്യക്തിത്വത്തിനുടമയായിരുന്നു ഡോ. മൻമോഹൻ സിംഗ്. അക്കാദമിക് രംഗങ്ങളിലുള്ള അദ്ദേഹത്തിന്റെ ഇടപെടലുകളും സംഭാവനകളും ഏറെ സ്മരിക്കപ്പെടുന്നവയാണ്. നാടിന്റെ പുരോഗതിയും സാമൂഹ്യനീതിയും മുൻനിർത്തിയുള്ള വിവിധ സാമ്പത്തിക പരിഷ്കരണ പദ്ധതികളാണ് അദ്ദേഹം രാജ്യത്ത് നടപ്പാക്കിയിട്ടുള്ളത്. ശാന്തതയും കുലീനതയും കൈവശമുള്ള അദ്ദേഹത്തിന്റെ കേരളത്തോടുള്ള മമതയും കരുതലും സ്മരണീയമാണ്. അദ്ദേഹത്തിന്റെ വേർപാടിലുള്ള ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: പാവപ്പെട്ടവരുടെ ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്ന ഡോ. മൻമോഹൻ സിംഗ് രാജ്യത്തെ സാമ്പത്തിക ക്ലേശമില്ലാതെ മുന്നോട്ടുനയിക്കുവാനെടുത്ത തീരുമാനങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): രാജ്യത്തെ സാധാരണക്കാരന്റെ വികാരങ്ങളെ ഉൾക്കൊണ്ട ഒരു മഹത് വ്യക്തിയാണ് ഡോ. മൻമോഹൻ സിംഗ്. ഇന്ത്യയെ ലോകത്തിനുമുന്നിൽ ഒരു സാമ്പത്തിക ശക്തിയായി മാറ്റിയെടുക്കുന്നതിൽ അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചു.

പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ ഏർപ്പെടുത്തി സർക്കാർ ഖജനാവ് നിറയ്ക്കുന്നതോടൊപ്പം പാവങ്ങളെക്കൂടി കണക്കിലെടുത്ത് വിവിധ പദ്ധതികൾ ആവിഷ്കരിച്ച പ്രധാനമന്ത്രിയായിരുന്നു അദ്ദേഹം. ഉന്നത പദവികളിലിരിക്കുമ്പോഴും അദ്ദേഹം പുലർത്തിയ ലാളിത്യം, സുതാര്യത എന്നിവ എല്ലാവർക്കും മാതൃകയാണ്. അദ്ദേഹത്തെ സ്നേഹിക്കുന്ന എല്ലാവരുടെയും ദുഃഖത്തിൽ പങ്കുചേരുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഇന്ത്യയുടെ പ്രധാനമന്ത്രിയെന്ന നിലയിൽ രാജ്യത്തിനകത്തും പുറത്തും ദീപ്തമായ വ്യക്തിത്വവും സാമ്പത്തിക പാണ്ഡിത്യത്തിന്റെ പ്രഭവ ചൈതന്യം പ്രകാശിതമാക്കുന്നതുമായിരുന്നു ഡോ. മൻമോഹൻ സിംഗിന്റെ നിലപാടുകൾ. രാജ്യത്തിന്റെ സമ്പദ്ഘടനയിൽ സമൂലമായ മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. ആഗോളവത്കരണ-ഉദാരവത്കരണ നയങ്ങൾ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്ക് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് കാണിച്ചുതന്ന വ്യക്തിയാണ് അദ്ദേഹം. മഹത് വ്യക്തിയുടെ ബഹുമുഖമായ ജീവിതം നഷ്ടമായത് അചിന്തനീയമാണ്.

ഡോ. മൻമോഹൻ സിംഗിന്റെ ഓർമകൾക്ക് മുന്നിൽ പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗിന്റെ സാമ്പത്തിക പരിഷ്കാരങ്ങൾ ശ്രദ്ധേയവും രാജ്യാന്തരതലത്തിൽ ചർച്ച ചെയ്യപ്പെട്ടവയുമാണ്. രാജ്യത്തെ സാമ്പത്തിക ഉദാരവത്കരണത്തിലേക്ക് നയിച്ച ധനകാര്യവിദഗ്ധനും കോൺഗ്രസ് നേതാവുമായിരുന്ന അദ്ദേഹം നരസിംഹറാവു മന്ത്രിസഭയിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നിട്ടുണ്ട്. രാജ്യത്തിന്റെ സാമ്പത്തിക വ്യവസ്ഥയുടെ പുരോഗതിക്ക് തുടക്കംകുറിച്ചത് അദ്ദേഹത്തിന്റെ ഉദാരവത്കരണ-സ്വകാര്യവത്കരണ നയങ്ങളിലൂടെയായിരുന്നു. സാമ്പത്തിക ഉപദേഷ്ടാവ്, റിസർവ് ബാങ്ക് ഗവർണർ, ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷൻ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. ആന്റണി രാജു</u>: പഞ്ചാബ് സർവകലാശാലയിൽ സീനിയർ ലക്ചററായി ഔദ്യോഗിക ജീവിതം ആരംഭിക്കുകയും പ്രധാനമന്ത്രി, ധനകാര്യ മന്ത്രി, രാജ്യസഭാ പ്രതിപക്ഷ നേതാവ്, ആർ.ബി.ഐ. ഗവർണർ, ആസൂത്രണ

കമ്മിഷൻ ഉപാധ്യക്ഷൻ, യു.ജി.സി. അധ്യക്ഷൻ തുടങ്ങിയ എല്ലാ പദവികളിലും തന്റെ കഴിവ് തെളിയിക്കാൻ നിരന്തരം പരിശ്രമിക്കുകയും ചെയ്ത വ്യക്തിയായിരുന്നു ഡോ. മൻമോഹൻ സിംഗ്. രാഷ്ട്രീയ പ്രവർത്തകനെന്നതിനുപരി പ്രഗത്ഭനായ സാമ്പത്തിക ശാസ്ത്രജ്ഞനായി വിലയിരുത്തപ്പെടുന്ന ഡോ. മൻമോഹൻ സിംഗിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: ഓക്സ്ഫോഡ് സർവകലാശാലയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയശേഷം പഞ്ചാബ് സർവകലാശാലയിലും ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിലും അധ്യാപകനായി സേവനമനുഷ്ഠിച്ച മൻമോഹൻ സിംഗ് ആസൂത്രണ കമ്മിഷൻ ഉപാധ്യക്ഷൻ, റിസർവ് ബാങ്ക് ഗവർണർ, പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവ്, യു.ജി.സി. ചെയർമാൻ എന്നീ പദവികളും അലങ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിനുള്ള അവകാശം, ജോലി ചെയ്യാനുള്ള അവകാശം, വിവരാവകാശം, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ സംബന്ധിച്ച ബില്ലുകൾ പാസ്സാക്കിയത് അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ്. ഇന്ത്യയെ മികച്ച

സാമ്പത്തിക ശക്തിയായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ച അദ്ദേഹത്തിന്റെ സമർപ്പണ ബോധം പൊതുപ്രവർത്തകർക്ക് മാതൃകയാണ്. ലോകം മുഴുവൻ സാമ്പത്തിക മാന്ദ്യത്തിലകപ്പെട്ടപ്പോഴും ഇന്ത്യൻ സാമ്പത്തിക മേഖല തകരാതെ പിടിച്ചുനിർത്താൻ അദ്ദേഹത്തിന് സാധിച്ചു. ജനാധിപത്യ ബോധത്തോടെ പുരോഗമനാശയങ്ങൾ നടപ്പാക്കിയ നല്ലൊരു ഭരണാധികാരിയെന്ന നിലയിൽ അദ്ദേഹം എന്നും സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ പാർട്ടിയും ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: വ്യക്തമായ വീക്ഷണങ്ങളിലൂടെയും ധാരണകളിലൂടെയും രാജ്യത്തെ പുരോഗതിയിലേക്ക് നയിച്ച മഹത് വ്യക്തിത്വമായിരുന്നു അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു)

(സഭ രാവിലെ 9.51-ന് പിരിഞ്ഞു)

***************